കഴിയാതെ വന്നതുമായ മംഗലം ഡാം-വീട്ടിക്കൽ കടവ് റോഡ് നവീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ടായിരുന്നു. എം.എൽ.എ. ഫണ്ട് മുഖാന്തിരം നടപ്പാക്കുന്ന പ്രസ്തുത റോഡിന്റെ പ്രവൃത്തി തദ്ദേശ റോഡ് വികസന പദ്ധതിയിലൂടെയായതിനാൽ അനുമതി നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായി. മംഗലം ഡാം-വീട്ടിക്കൽ കടവ് റോഡിന്റെയും മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡിന്റെയും അറ്റകുറ്റപ്പണികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി; രണ്ട് മഴക്കാലം കഴിഞ്ഞ സാഹചര്യത്തിൽ നിലവിലെ റോഡിന്റെ സ്ഥിതിയിൽ നടത്തേണ്ടതായ അറ്റകുറ്റപ്പണികൾക്ക് ഇപ്പോഴുള്ള എസ്റ്റിമേറ്റ് അപര്യാപ്തമാണ്. ആയതിനാൽ ഈ രണ്ട് റോഡുകൾക്കും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) സീ പോർട്ട് - എയർപോർട്ട് റോഡ്

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ നിയോജകമണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട റോഡാണ് സീ പോർട്ട്-എയർപോർട്ട് റോഡ്. സർക്കാരിന്റെ ഒരു പ്രധാനപ്പെട്ട പദ്ധതിയായിട്ടാണ് ഇതിനെ കാണുന്നത്. സീ പോർട്ട് - എയർപോർട്ട് റോഡിനായി എൻ.എ.ഡി. (നേവൽ ആർമമെന്റ് ഡിപ്പോ) മുതൽ മഹിളാലയം വരെയുള്ള ഏകദേശം ആറ്

LIBRARY ARCHIVES Kerala Legislative Assembly

കിലോമീറ്റർ സ്ഥലം, അതായത് എഴുപത്തിയഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടിവരും. ഈ ഭാഗത്തിന്റെ നിർമ്മാണത്തിനും സ്ഥലം ഏറ്റെടുക്കുന്നതിനുംവേണ്ടി കഴിഞ്ഞ സർക്കാർ കിഫ്ബിയിൽനിന്നും 432 കോടി രൂപ അനുവദിച്ചിരുന്നു. പക്ഷേ നാളിതുവരെ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനോ നിർമ്മാണ പ്രവൃത്തികൾക്കോ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഈ സ്ഥലത്തെ അലൈൻമെന്റ് തീരുമാനിച്ചിട്ട് വർഷങ്ങളായി. അതിന്റെ ഭാഗമായി പ്രദേശവാസികൾ സ്വാഭാവികമായും വലിയ പ്രതിസന്ധിയിലാണ്. പക്ഷേ സർക്കാർ ഈ ഭൂമി ഏറ്റെടുക്കുന്നതുമില്ല, മറ്റൊരാൾക്ക് വിൽക്കാൻ കഴിയുന്നുമില്ല. ഇവർ വിവരാവകാശ നിയമപ്രകാരം അന്വേഷിച്ചപ്പോൾ വിൽക്കുന്നതിന് സാങ്കേതിക പ്രശ്നമില്ലെന്നാണ് അറിഞ്ഞത്. എന്നാൽ അലൈൻമെന്റുള്ള സ്ഥലം വാങ്ങുന്നതിനോ വിൽക്കുന്നതിനോ സാധിക്കുന്നില്ല. മക്കളുടെ കല്യാണത്തിനോ അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾക്കോവേണ്ടി സ്ഥലം വിൽക്കാനോ മറ്റും ചെയ്യാൻ സാധിക്കാത്ത ധർമ്മസങ്കടത്തിലാണ് പ്രദേശവാസികൾ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരന്തരമായി ഫോളോ അപ് നടത്തിയെങ്കിലും ഭൂമി ഏറ്റെടുക്കുന്ന നടപടിയിലേയ്ക്ക് പോയിട്ടില്ല. നാട്ടിൻപുറത്ത് പറയുന്നതുപോലെ ചെകുത്താനും കടലിനും ഇടയിലാണ്

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ ജനങ്ങൾ. അതുകൊണ്ട് എത്രയുംവേഗം ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഇടപെട്ട് ഭൂമി ഏറ്റെടുത്ത് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും പദ്ധതി പൂർത്തിയാക്കുകയും ചെയ്താൽ അത് മഹത്തായ കാര്യമായിരിക്കും. കൂടാതെ ചൊവ്വര മുതൽ എയർപോർട്ട് വരെയുള്ള ഭൂമിയും ഏറ്റെടുക്കാനുണ്ട്. നാല് കിലോമീറ്ററോളം വരുന്ന ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം 230 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. അതിനാവശ്യമായ തുകയും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട ആലുവ എം.എൽ.എ. സൂചിപ്പിച്ച സീ പോർട്ട് - എയർപോർട്ട് റോഡ് രണ്ടാം ഘട്ടത്തിലെ കളമശ്ശേരി എച്ച്.എം.ടി. റോഡ് മുതൽ എൻ.എ.ഡി. വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം നടന്നുവരുന്നു. എച്ച്.എം.ടി.-യുടെയും എൻ.എ.ഡി.-യുടെയും ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻ.എ.ഡി. മുതൽ മഹിളാലയം വരെയുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകുകയും 437.28 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായുള്ള സാമൂഹികാഘാത പഠന റിപ്പോർട്ട് പരിശോധിച്ച സമിതിയുടെ അവലോകന റിപ്പോർട്ട് ജില്ലാ കളക്ടർ

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ലാൻഡ് അക്വിസിഷൻ നടപടികൾ സ്വീകരിച്ച് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. മഹിളാലയം മുതൽ ചൊവ്വര വരെയുള്ള രണ്ട് പാലങ്ങളുൾപ്പെടെയുള്ള ഭാഗം 2017-ൽ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. ചൊവ്വര മുതൽ എയർപോർട്ടുവരെയുള്ള ഭാഗത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(5) മലയോര ഹൈവേ

ശ്രീ. ഒ. ആർ. കേളു: സർ, മാനന്തവാടിയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ അലൈൻമെന്റും എസ്റ്റിമേറ്റും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിനുശേഷം അലൈൻമെന്റിലും എസ്റ്റിമേറ്റിലും ചില സാങ്കേതിക പ്രശ്നങ്ങളുണ്ടെന്ന് കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്)-യും ചീഫ് എഞ്ചിനീയറും ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തി വീണ്ടും സമർപ്പിച്ചെങ്കിലും പദ്ധതി ടെണ്ടർ ചെയ്യാനോ തുടർ നടപടികളിലേയ്ക്ക് പോകാനോ സാധിച്ചിട്ടില്ല. അത്തരം കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly